**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 169** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>സിൽവർ ഇക്കോണമി പോളിസിയും വയോജനക്ഷേമ നടപടികളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. റെജി ചെറിയാൻ

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. വർഗ്ഗീസ് മാമ്മൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** വയോജനക്ഷേമം ലക്ഷ്യമിട്ട് വിഭാവനം ചെയ്തിട്ടുള്ള സിൽവർ ഇക്കോണമിയുടെ സവിശേഷതകൾ എന്തെല്ലാമെന്ന് അറിയിക്കുമോ; സിൽവർ ഇക്കോണമിയുടെ ആസൂത്രണ, അടിസ്ഥാന സൗകര്യ, സേവന, സംരംഭകത്വ മാർഗ്ഗനിർദ്ദേശക രേഖയെന്ന നിലയിൽ സിൽവർ ഇക്കണോമിക് പോളിസി വികസിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജനസംഖ്യാ ഘടനയിൽ വയോജനങ്ങളുടെ ശതമാനം വർധിച്ചു വരുന്ന സാഹചര്യത്തിൽ, അവരുടെ ക്ഷേമവും സാമൂഹിക പങ്കാളിത്തവും ഉറപ്പാക്കുന്ന ഒരു പുതിയ വികസന സമീപനമായി സിൽവർ ഇക്കോണമി ഉയർന്നുവരുന്നു. വയോജനങ്ങളെ സംരക്ഷിക്കേണ്ട ഒരു വിഭാഗമായി മാത്രം കാണാതെ, സാമ്പത്തിക-സാമൂഹിക വികസനത്തിലെ സജീവ പങ്കാളികളായി കാണുന്ന സമഗ്ര സംവിധാനമാണ് ഇത്. സിൽവർ ഇക്കോണമി വയോജനക്ഷേമത്തിന് പുറമെ സാമ്പത്തിക വളർച്ചയ്ക്കും പുതിയ സാധ്യതകൾ തുറക്കുന്ന ഒരു വികസന മാതൃകയാണ്. വയോജനങ്ങളെ ബാധ്യതയായി കാണാതെ മൂലധനമായി പരിഗണിക്കുന്ന സമീപനം സമൂഹത്തിന്റെ സമഗ്ര പുരോഗതിക്ക് ശക്തമായ അടിത്തറ നൽകുന്നു.

*<u>സിൽവർ ഇക്കോണമി വികസനത്തിൽ താഴെപ്പറയുന്ന മേഖലകൾ പ്രധാന പങ്ക് വഹിക്കുന്നു.</u>*

- *വയോജന സൗഹൃദ ആരോഗ്യ സേവനങ്ങൾ*
- ദീർഘകാല പരിചരണ സേവനങ്ങൾ
- ഇൻഷുറൻസ് സംവിധാനങ്ങൾ
- വയോജന സൗഹൃദ ടൂറിസം
- സഹായ ഉപകരണങ്ങളും സാങ്കേതിക പരിഹാരങ്ങളും
- ഡിജിറ്റൽ സേവനങ്ങൾ
- പുനഃതൊഴിൽ, കൺസൾട്ടൻസി, മെന്ററിംഗ് അവസരങ്ങൾ

**(ബി)** പ്രസ്തുത സംരംഭത്തിന് മുൻഗണനകളും പ്രവർത്തനരീതികളും നിശ്ചയിക്കുന്നതിനായി മുതിർന്ന പൗരന്മാരുടെ അഭിപ്രായ ശേഖരണം ലക്ഷ്യമിട്ട് സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത സംരംഭത്തിന് മുൻഗണനകളും പ്രവർത്തനരീതികളും നിശ്ചയിക്കുന്നതിനായി മുതിർന്ന പൗരന്മാരുടെ അഭിപ്രായങ്ങൾ ശേഖരിക്കുന്നതിന് സംസ്ഥാന വ്യാപകമായി സമഗ്രമായ ഒരു സർവേ നടത്തുന്നതാണ്. അതിന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി കേരളത്തിലെ വയോജനങ്ങളെ സജീവരാക്കുന്നതിനും സിൽവർ ഇക്കോണമി വികസനത്തിനുമായി ദീർഘകാല റോഡ് മാപ്പ് തയ്യാറാക്കുന്നതാണ്. വയോജനങ്ങളെ അവരുടെ സ്വന്തം വീടുകളിലും കുടുംബ-സാമൂഹിക പരിസരങ്ങളിലും സുരക്ഷിതമായും അന്തസ്സോടെയും ജീവിക്കാൻ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ സിൽവർ ഇക്കോണമിയുടെ ഭാഗമായി സ്വീകരിക്കുന്നതാണ്.

**(സി)** റിട്ടയർമെൻറ് ഇൻഫ്രാസ്ട്രക്ചറിന്റെ ഭാഗമായി വയോജന പാർക്കുകളും ഫിറ്റ്നസ് സെന്ററുകളും ഒരുക്കാൻ പദ്ധതിയുണ്ടോ; അറിയിക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് വയോജന ക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളിൽ വയോജനങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനും (Retirement Infrastructure Development) പ്രാധാന്യം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി വയോജന പാർക്കുകൾ, ഫിറ്റ്നസ് സെന്ററുകൾ, വെൽനെസ് കേന്ദ്രങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിക്കുന്നു.

**(ഡി)** മുതിർന്ന പൗരന്മാരുടെ അനുഭവസമ്പത്തും സംരംഭകത്വശേഷിയും പുതുതലമുറയ്ക്കുകൂടി ഗുണകരമാകുംവിധം മെന്റർ-പ്രോട്ടീഗെ മാതൃക വികസിപ്പിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മുതിർന്ന പൗരന്മാരുടെ (Senior Citizens) അറിവ്, അനുഭവം, സേവനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി രൂപപ്പെടുന്ന സാമൂഹിക–ആർത്ഥിക സംവിധാനമാണ് സിൽവർ ഇക്കോണമി. ഇതിന്റെ ഭാഗമായി 'മെന്റർ-പ്രോട്ടീഗെ' മാതൃക നടപ്പാക്കുന്നത് മുതിർന്നവരുടെ കഴിവുകൾ യുവജനങ്ങളുമായി പങ്കുവെച്ച് തൊഴിൽ, സംരംഭകത്വം, സാമൂഹിക വികസനം എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പ്രധാന ഇടപെടലാണ്. സിൽവർ ഇക്കോണമിയിൽ ഈ മാതൃക ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ മുതിർന്ന പൗരന്മാരെ സമൂഹത്തിന്റെ സജീവ ഉൽപാദന ഘടകമായി മാറ്റാൻ കഴിയും.

**സെക്ഷൻ ഓഫീസർ**